പാസ്‌വേർഡും ഉപയോഗിച്ച് അനുവദിച്ചിട്ടുള്ള അളവിന്റെ അടിസ്ഥാനത്തിൽ ഇ-പാസ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ടി പാസ്സിൽ 2 സി ബാർകോഡും എസ്.എം.എസ്. മുഖേന പാസിന്റെ സാധ്യത അറിയുവാനുള്ള കോഡും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഏതൊരാൾക്കും വെബ്സൈറ്റിൽ നിന്നും ടി പാസ്സിന്റെ വിവരങ്ങൾ ലഭിക്കുന്നതുമാണ്. ടി പാസ് ലഭിക്കുവാനായി ധാതുക്കൾ കയറ്റുന്ന വാഹനങ്ങൾ വാഹന ഉടമകൾതന്നെ എൻറോൾ ചെയ്യേണ്ടതുമാണ്. ഇ-പാസ് നിലവിൽ വന്നാൽ അനധികൃത ധാതുക്കടത്ത് ഒരു പരിധിവരെ തടയുവാൻ സാധിക്കും.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) മുഖേന ഇ-പാസ് സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ ഹാർഡ്‌വെയർ വാങ്ങിയിട്ടുണ്ട്. സോഫ്റ്റ്‌വെയർ വികസിപ്പിച്ചുവരുന്നു.

ഇ-ഗവേണൻസ് സംബന്ധിച്ച ദേശീയ കോൺഫറൻസ്

206 (6657) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പാറോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് സംബന്ധിച്ച ദേശീയ കോൺഫറൻസ് നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് കോൺഫറൻസിൽ ചർച്ച ചെയ്തിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഇ-ഗവേണൻസ് പദ്ധതിയിലെ അവസരങ്ങളെക്കുറിച്ചും പുതിയ വെല്ലുവിളികളെക്കുറിച്ചും എന്തെല്ലാം കാര്യങ്ങളാണ് കോൺഫറൻസിൽ ചർച്ച ചെയ്യപ്പെട്ടതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പതിനേഴാമത് ദേശീയ ഇ-ഗവേണൻസ് കോൺഫറൻസിന് ആതിഥ്യം വഹിച്ചത് കേരള സംസ്ഥാനമാണ്. ഇ-ഗവേണൻസ് രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ പ്രധാന വിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2014 ജനുവരി 30, 31 തീയതികളിൽ കൊച്ചിയിൽ വച്ചാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി ഈ സമ്മേളനം നടത്തിയത്. ദേശീയ തലത്തിൽ ഇ-ഗവേണൻസ് മേഖലയിലുള്ള വിവിധ വിഭാഗങ്ങൾക്കായുള്ള ഇ-ഗവേണൻസ് ദേശീയ പുരസ്കാരം ഈ സമ്മേളനത്തിൽവച്ച് വിതരണം ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ ഇ-ഗവേണൻസ് സമ്മേളനത്തിൽ ചർച്ച ചെയ്ത പ്രധാനപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു :

1. e-Governance vision to Implementation: ഇ-ഗവേണൻസ് പദ്ധതിയുടെ ഉത്ഭവം മുതൽ അവ നടപ്പിലാക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ നേരിടുന്ന പ്രതിബന്ധങ്ങളും എങ്ങനെ അവയെ തരണം ചെയ്യണം എന്നുമാണ് ഈ വിഷയത്തിൽ പ്രധാനമായി പ്രതിപാദിച്ചത്.

2. Best Practice in e-Governance: ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരുന്ന ഇ-ഗവേണൻസ് പദ്ധതികളെപ്പറ്റിയും അവയുടെ നേട്ടങ്ങളെപ്പറ്റിയും വിശദീകരിച്ചു.

3. Leveraging Emerging Technologies: ഇ-ഗവേണൻസ് പുത്തൻ തലങ്ങളിലേയ്ക്ക് വ്യാപിക്കുന്നതിന് സഹായകരമാകുന്ന പുതിയ സാങ്കേതിക വിദ്യകളെപ്പറ്റിയാണ് ഈ വിഭാഗത്തിൽ ചർച്ച നടന്നത്. Social Media, Cloud Computing, Geographic Information System (GIS) തുടങ്ങിയ വിഷയങ്ങൾ പ്രത്യേകം പ്രതിപാദിക്കപ്പെട്ടു.

4. Multiple Channels of e-Service Delivery: വിവര സാങ്കേതിക വിദ്യയുടെ ആവിർഭാവത്തോടെ അക്ഷയ കേന്ദ്രങ്ങൾ, മൊബൈൽ ഫോൺ, കാൾ സെന്റർ, ഇന്റർനെറ്റ് തുടങ്ങിയ പല സംവിധാനങ്ങൾവഴി സർക്കാർ സർവ്വീസുകൾ ജനങ്ങൾക്ക് ലഭ്യമാകുന്നതിന്റെ ആവശ്യകത ചർച്ച ചെയ്യപ്പെട്ടു.

5. Empowering Citizen: സർക്കാർ സർവ്വീസുകളുടെ നടപടി ക്രമങ്ങൾ പൊതുജന കേന്ദ്രീകൃതമാകുന്നതിന്റെ ആവശ്യകതയാണ് ഇവിടെ ചർച്ച ചെയ്ത വിഷയം. വിവിധ സേവനങ്ങൾ, അവയെ പ്പറ്റിയുള്ള വിവരങ്ങളും അവ വളിതമായും സുതാര്യമായും വേഗത്തിൽ എങ്ങനെ ജനങ്ങളിലേക്ക് ഇ-ഗവേണൻസ് മുഖേന നടപ്പിൽ വരുത്താം എന്നതിനെപ്പറ്റിയായിരുന്നു പ്രധാന ചർച്ച.

6. Frame work for replication - challenges in productisation of application: വിവിധ സംസ്ഥാനങ്ങളിൽ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരുന്ന ഇ-ഗവേണൻസ് പദ്ധതികൾ അധിക സാമ്പത്തിക ബാധ്യതയില്ലാതെ മറ്റു സംസ്ഥാനങ്ങളിൽ എങ്ങനെ അനുകരണീയമാക്കാം എന്ന വിഷയം സമ്മേളനത്തിൽ അവതരിപ്പിച്ചു.

7. Healthcare for all, role of IT in transforming health: ആരോഗ്യം എല്ലാവർക്കും ഇതാണ് പതിനേഴാമത് ഇ-ഗവേണൻസ് സമ്മേളനത്തിന്റെ മുഖ്യ സന്ദേശം. കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇ-ഹെൽത്ത് പ്രോജക്ടിനെക്കുറിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു ആമുഖ ചർച്ച നടത്തി. ആരോഗ്യപരിപാലന രംഗത്ത് വിവരസാങ്കേതികവിദ്യ കൊണ്ടുവന്ന ഗുണപരമായ മാറ്റങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

8. Business Process re-engineering: നിലവിലുള്ള സർക്കാർ സംവിധാനം, ഇ-ഗവേണൻസ് നടപ്പിലാക്കുമ്പോൾ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച നടത്തി.

9. Human capital e-Governance: ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കാൻവേണ്ടി ആവശ്യമായ സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങളെ എങ്ങനെ ഈ പ്രക്രിയയിൽ ഉപയോഗപ്പെടുത്താം എന്നതും ചർച്ച ചെയ്യുകയുണ്ടായി.

(സി&ഡി) സംസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് (1.അക്ഷയ, 2.ഇ-ഡിസ്ട്രിക്ട്, 3. ഇ-പ്രൊക്യൂർമെന്റ്, 4.ഇ-ഓഫീസ്, 5. ക്ലൗഡ്-കമ്പ്യൂട്ടിംഗ്, 6.മൊബൈൽ ഗവേണൻസ്, 7.ഹൈസ്പീഡ് നെറ്റ് വർക്ക്, 8. ഇ-ഹെൽത്ത്) സമ്മേളനത്തിൽ കേരള സർക്കാരിന്റെ പ്രതിനിധികൾ പ്രസ്തുത സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. കോൺഫറൻസിലൂടെ ഉരുത്തിരിഞ്ഞുവന്ന വിവിധ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിവരാവകാശ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സംവിധാനം

207 (6658) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഐ.ടി വകുപ്പ് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന് വേണ്ടി പ്രത്യേക പോർട്ടൽ സജ്ജമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇത് എന്നത്തേക്ക് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ കീഴിൽ വിവരാവകാശ സേവനം ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള പോർട്ടൽ ഒക്ടോബർ 2013 മുതൽ സജ്ജമാക്കിയിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ ഏതാനും ചില ഓഫീസുകളിൽ ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ അതായത് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഡിജിറ്റൽ ഒപ്പ് എന്നിവ ലഭ്യമായിട്ടുള്ള ഏതൊരു സർക്കാർ ഓഫീസിലും ഈ സേവനം ലഭ്യമാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly